(സി) ഇല്ല. എന്നാൽ മേൽപറഞ്ഞ പദ്ധതികളുടെ പ്രവർത്തനംകൊണ്ട് കൃഷ്യുൽപന്നങ്ങളുടെ കുറവ് കുറെ കൂടെ പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഒടുവിൽ പറഞ്ഞ പ്രചരണവും പരസ്യവും എന്ന ഇനത്തിനാണോ ഗവൺമെൻറ് എല്ലാത്തിലും കൂടുതൽ പ്രാധാന്യം കൽപ്പിച്ചിരിക്കുന്നത്.

ശ്രീ. ടി. കെ. നാരായണപിള്ള: അതവസാനമായിട്ടാണ് ലിസ്റ്റിൽ തന്നെയും ചേർത്തിരിക്കുന്നത്. ബഹു. മെമ്പർക്ക് പരസ്യത്തിലാണ് കൂടുതൽ വിശ്വാസമെങ്കിൽ അങ്ങിനെ വിചാരിച്ചുകൊള്ളുന്നതിനു വിരോധമില്ല.

ഗ്രാമീണറോഡുകൾ

*൯൫൫. (൧൬) ശ്രീ. പി. കെ. കുഞ്ഞുശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കൃഷി സൗകര്യത്തെ ഉദ്ദേശിച്ച് എത്ര ഗ്രാമീണറോഡുകൾ ഗവൺമെൻറ് ഏറ്റെടുത്തിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): കൃഷി സൗകര്യത്തെമാത്രം ഉദ്ദേശിച്ച് ഗ്രാമീണറോഡുകൾ ഒന്നും ഗവൺമെൻറ് ഏറ്റെടുത്തിട്ടില്ല. എന്നാൽ ഗ്രാമീണറോഡുകൾ എല്ലാംതന്നെ കൃഷിയാവശ്യങ്ങൾക്കുകൂടി ഉതകുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: കൂടുതൽ ഗ്രാമീണറോഡുകൾ ഉണ്ടാക്കുന്നതു കൃഷിയാവശ്യങ്ങൾക്കു കൂടുതൽ സഹായകമായിരിക്കുമെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായിട്ടും അങ്ങിനെ തന്നെയായിരിക്കും.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ആ സ്ഥിതിക്ക് ഗ്രാമീണറോഡുകൾ ഗവൺമെൻറ് ഏറ്റെടുക്കുന്നതിനുള്ള അപേക്ഷകളെപ്പറ്റി അനുകൂലമായി പരിഗണിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോഴും ആ അപേക്ഷകളെപറ്റി പരിഗണിക്കുന്നുണ്ട്.

Electrification of Villages

*985. [18] **Sri. N. V. Chacko:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government has any plan for electrifying all the villages of the State.

(*b*) by what time Government expect to complete such electrification; and

(*c*) when the pakuthies of Aikkaranad, Chemmanad, Kunnatnad and Kazhakkambalam likely to be electrified?

Chief Minister **Sri. T. K. Narayana Pillai:**

(*a*) It is the intention of Government to supply electricity to all possible places in the State.

(*b*) The work is being taken up in stages of 5 or 10 year plans subject to load conditions and the availability of fund and materials. It is not posible to forcast when the programme will be complete.

(*c*) The work will be taken up as early as possible subject to the conditions mentioned int the answer to part (b).

LIBRARY ARCHIVES Kerala Legislative Assembly